# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :713** **29.11.2018-ൽ മറുപടിക്ക്**

**മലബാർ ക്രംബ് റബർ ഫാക്ടറി**

**ചോദ്യം** — **ശ്രീ.പി.ടി.എ. റഹീം**

**മറുപടി** — **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലാ സഹകരണ റബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച മലബാർ ക്രംബ് റബർ ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ; | (എ) | ഇപ്പോൾ പ്രവർത്തിക്കുന്നില്ല. റബ്ബർ വിലയിലെ ഏറ്റക്കുറച്ചിൽ കാരണം ഉണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധിയും, പ്രവർത്തന മൂലധനത്തിന്റെ അഭാവവും, ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ സർഫേസി ആക്ട് പ്രകാരമുള്ള ജപ്തി നടപടിയും മൂലമാണ് പ്രസ്തുത ഫാക്ടറി പ്രവർത്തിക്കാത്തത്. |
| (ബി) | ക്രംബ് ഫാക്ടറിയും അനുബന്ധ സ്ഥലവും വിൽപന നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ കീഴിൽ കുപ്പായക്കോട്ടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും അനുബന്ധ സ്ഥലവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് വിൽപന നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത അനുമതി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം) |
| (സി) | ക്രംബ് ഫാക്ടറി പ്രവർത്തനം നിലയ്ക്കുന്നതിന് ഇടയാക്കിയ കാര്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിൽപന നടത്തുന്നതിന് അനുമതി നൽകാനിടയായ സാഹചര്യം വിശദമാക്കാമോ; | (സി) | കോഴിക്കോട് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനെ തുടർന്ന് മലബാർ ക്രംബ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം ഐ.സി.ഐ.സി.ഐ. ബാങ്കിൽ നിന്നും |

| | | | |
|---|---|---|---|
| | | | 5 കോടി രൂപ വായ്പയെടുത്തിരുന്നു. എന്നാൽ റബ്ബർ ഉൽപന്നങ്ങളുടെ വിലയിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകളും പ്രവർത്തന നഷ്ടവും കാരണം ഫാക്ടറി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാവുകയും വായ്പാ ഗഡുക്കൾ കുടിശ്ശികയാവുകയും ബാങ്ക് ജപ്തിനടപടികളുമായി മുന്നോട്ട് പോകുകയും ചെയ്തു. ടി സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായാണ് സംഘത്തിന്റെ കീഴിൽ കുപ്പായക്കോട്ടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും അനുബന്ധ സ്ഥലവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് വിൽപ്പന നടത്തുന്നതിന് സർക്കാർ അനുമതി നൽകിയത്. എന്നാൽ കുപ്പായക്കോട്ടുള്ള മലബാർ ക്രംബ് ഫാക്ടറിയുടെ അടുത്ത് സ്ഥിതി ചെയ്യുന്ന പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എസ്റ്റേറ്റുകളിലെ ക്രംബ് ഉത്പാദനം പ്രസ്തുത ഫാക്ടറിയുടെ ഉത്പാദന ക്ഷമതയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവായതിനാലും ഫാക്ടറിയുടെ പ്രവർത്തന ശേഷിയുടെ പൂർണ്ണമായ ഗുണം പ്ലാന്റേഷൻ കോർപ്പറേഷന് ലഭിക്കുകയില്ലെന്നും കോർപ്പറേഷന്റെ മറ്റ് എസ്റ്റേറ്റുകളെല്ലാം വളരെ ദൂരെയാണെന്നും ആയതിനാൽ ഫാക്ടറിയും സ്ഥലവും ഏറ്റെടുക്കുന്നത് പ്രായോഗികമല്ലെന്ന് പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭരണസമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന് പ്ലാന്റേഷൻ കോർപ്പറേഷന് സ്ഥലം വിൽക്കാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (ഡി) | തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് തൊഴിലാളി പ്രതിനിധികളുമായി എഗ്രിമെന്റ് ഒപ്പു വയ്ക്കുകയും ആയത് ലേബർ ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. |
| (ഇ) | റബ്ബർ കർഷകരെ സഹായിക്കുന്നതിന് പ്രസ്തുത കമ്പനി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ കേരള റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ അനുബന്ധ സ്ഥാപനമായ റബ്ബർ മാർക്ക് റബ്ബർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം മലബാർ ക്രംബ് റബ്ബർ ഫാക്ടറി ഏറ്റെടുക്കുന്നതിന് തയ്യാറാണെന്ന് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം തീരുമാനമെടുത്ത് സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

33 അനുബന്ധം

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘത്തിന്റെ കീഴിൽ കപ്പായക്കോട്ടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും അനുബന്ധ സ്ഥലവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്ന സ്ഥാപനത്തിന് വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ. (എം.എസ്) നം.650/2016/സഹ. തീയതി, തിരുവനന്തപുരം,2/.12.2016

---

പരാമർശം:-
1. സഹകരണ സംഘം രജിസ്ട്രാരുടെ 22.09.2015, 17.10.2016, 20.12.2016 തീയതികളിലെ എം.പി(1) 37709/2014 നമ്പർ കത്തുകൾ.
2. പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18.08.2016-ലെ എം.ഡി/എഫ് 304/407/16 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയും ഐ.സി.ഐ.സി.ഐ ബാങ്ക് ജപ്തി നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്ത സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സംഘത്തിന്റെ കീഴിൽ കപ്പായക്കോട്ടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും അനുബന്ധ സ്ഥലവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വിൽപ്പന നടത്തുന്നതിന് പരാമർശത്തിലെ 22.09.2015-ലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അനുമതി ആവശ്യപ്പെട്ടിരുന്നു. കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘത്തിന്റെ കീഴിൽ കപ്പായക്കോട്ടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും സ്ഥലവും വാങ്ങുന്നതിന് 02.03.2016-ൽ കൂടിയ പ്ലാന്റേഷൻ കോർപ്പറേഷന്റെ 423-ാമത് ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) പ്ലാന്റേഷൻ കോർപ്പറേഷന് സംഘത്തിന്റെ ആസ്തി വിൽക്കാൻ സാധിച്ചാൽ സർക്കാരിലേയ്ക്കുള്ള ബാദ്ധ്യത തീർക്കുവാൻ തയ്യാറാണെന്ന് സംഘം അറിയിച്ചിട്ടുള്ളതായും സംഘത്തിന് തുടർന്ന് പ്രവർത്തിക്കാൻ കഴിയുമെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘത്തിന് സർക്കാരിലേയ്ക്കുള്ള ബാധ്യത ഉൾപ്പെടെ എല്ലാ ബാധ്യതകളും തീർത്ത് പ്രവർത്തനം തുടരണമെന്നും , സർക്കാരിലേയ്ക്കുള്ള ബാധ്യത ഒടുക്കുന്നതിനുള്ള നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്നും വസ്തുവിന്റെ വാല്യുവേഷൻ സമകാലീനമായിരിക്കണമെന്നും ഈ നടപടി സംഘത്തിന്റെ താൽപര്യം സംരക്ഷിക്കപ്പെടുന്നതായിരിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ ഉറപ്പുവരുത്തണമെന്നുള്ള വ്യവസ്ഥകൾക്കു വിധേയമായി കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘത്തിന്റെ കീഴിൽ കപ്പായക്കോട്ടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും അനുബന്ധ സ്ഥലവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വിൽപ്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി. വേണുഗോപാൽ,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. സെക്രട്ടറി, കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം ക്ലിപ്തം നം. എഫ്.1879, ചെറൂട്ടി റോഡ്, പി.ബി. നം.161, കോഴിക്കോട് - 673 001.
3. മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്,കോട്ടയം
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ